# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5418      01.07.2014-ൽ മറുപടിക്ക്

### നിർമ്മിതി കേന്ദ്രത്തിന്റെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ജോസഫ് വാഴക്കൻ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മിതി കേന്ദ്രം പുനരുദ്ധരിക്കുവാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ചെലവ് കുറഞ്ഞതും പ്രകൃതിയ്ക്ക് ഇണങ്ങിയതും ഗുണമേന്മയുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യം. |
| (സി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നിലവിൽ ചുവടെ കൊടുത്തിരിക്കുന്ന സൗകര്യങ്ങളാണ് ജനങ്ങൾക്ക് നൽകുന്നത്.<br>1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളിൽ ജനങ്ങൾക്ക് അവബോധം |

നൽകി വരുന്നു.

2. ആവശ്യക്കാർക്ക് ചെലവ് കുറഞ്ഞ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നൽകുന്നു.

3. കെട്ടിട നിർമ്മാണ ന്യായവില വിപണന കേന്ദ്രം (കലവറ) വഴി ബി.പി.എൽ ഗുണഭോക്താക്കൾക്ക് 15% സൗജന്യ നിരക്കിൽ സിമന്റ്, കമ്പി എന്നിവ നൽകി വരുന്നു.

4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധനാശാലകൾ നടത്തുന്നു.

5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദന ശാലകൾ വഴി ഗുണമേന്മയുള്ള ഹോളോബ്രിക്സ്, ജനൽ, വാതിൽ കട്ടിളകൾ എന്നിവ നൽകി വരുന്നു.

6. തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകി വരുന്നു.

7. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനു കീഴിലുള്ള ലാബിഷാസ് എന്ന സ്ഥാപനം വഴി എഞ്ചിനീയർമാർക്ക് കൺസ്ട്രക്ഷൻ മാനേജ്മെന്റിൽ പരിശീലനം നൽകുന്നു.

8. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതു ജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകി വരുന്നു.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) 1. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതു ജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകി വരുന്നു.

2. സിമന്റ് കമ്പി എന്നിവ സൗജന്യ നിരക്കിൽ നൽകുന്നതിനായി നിലവിൽ 9 കേന്ദ്രങ്ങളിൽ കലവറയുടെ യൂണിറ്റുകൾ പ്രവർത്തിച്ച വരുന്നു.

3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദനശാലകൾ 10 കേന്ദ്രങ്ങളിൽ പ്രവർത്തിച്ച വരുന്നു.

4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 5 കേന്ദ്രങ്ങളിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നു.

5. 13 റീജിയണൽ കേന്ദ്രങ്ങൾ വഴിയും പി.ടി.പി നഗറിലെ ഹെഡ് ഓഫീസ് വഴിയും യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ